തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല

# പിഎച്ച്.ഡി കോഴ്സ്‌വർക്ക് പരീക്ഷ

**ഫെബ്രുവരി 2025**

**MLS PCW 2402**

## സാഹിത്യപഠനം

## പൊതുമണ്ഡലവും പാഠപുസ്തകചരിത്രവും

**സമയം: 3 മണിക്കൂർ** **മാർക്ക്:100**

**I.** രണ്ടുപുറത്തിൽ കവിയാതെ എട്ടുചോദ്യത്തിന് ഉത്തരമെഴുതുക.

**(8X5 = 40)**

1. അധികാരത്തിന്റെ സൂക്ഷ്മഭൗതികം എന്ന സംജ്ഞകൊണ്ട് മിഷേൽഫൂക്കോ ഉദ്ദേശിക്കുന്നതെന്ത്?

2. ഉദാരപൊതുമണ്ഡലം എന്ന സങ്കല്പത്തെ ഹെബർമാസ് വിശകലനം ചെയ്യുന്നതെങ്ങനെ?

3. 'സാമ്പ്രദായികആധുനികവൽകരണം' **(Conservative Modernization)** എന്ന പ്രയോഗം കൊണ്ട് അർഥമാക്കുന്നതെന്ത്?

4. തിരുവിതാംകൂർ ഭരിച്ചിരുന്ന റീജന്റ് ഗൌരിപാർവതിബായി നടത്തിയ വിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ച് എഴുതുക.

5. കേരളവർമ്മ വലിയകോയിത്തമ്പുരാൻ അധ്യക്ഷനായ പാഠപുസ്തകസമിതിയുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുക.

6. ഗുണ്ടർട്ട്, മിഷണറിപ്രവർത്തനങ്ങൾക്കായി പാഠപുസ്തകങ്ങളെ ഉപയോഗിച്ചതെങ്ങനെ?

7. സാംസ്കാരിക അധീശത്വത്തെക്കുറിച്ചുള്ള **(Cultural Hegemony)** ഗ്രാംഷിയുടെ അഭിപ്രായങ്ങൾ ക്രോഡീകരിക്കുക.

8. സ്വാതിതിരുനാൾ, ഉത്രംതിരുനാൾ എന്നിവരുടെ ഭരണകാലത്ത് വിദ്യാഭ്യാസത്തിന്റെ ഊന്നൽ എന്തിനായിരുന്നു? വിശദമാക്കുക.

9. 'എഴുത്തില്ലാത്ത ജനതയ്ക്ക് ചരിത്രമില്ല' എന്ന ആശയം രൂപപ്പെട്ട ചരിത്രസന്ദർഭത്തെക്കുറിച്ച് എഴുതുക?

10. പത്തൊമ്പതാംനൂറ്റാണ്ടിൽ തുടങ്ങിയ ജാതിവിരുദ്ധവും കൊളോണിയൽ വിരുദ്ധവുമായ സമരങ്ങളിലൂടെയാണ് നാം പുതിയൊരു കേരളസംസ്കാരം രൂപപ്പെടുത്തിയത്. സ്വാഭിപ്രായം സമർഥിക്കുക.

**II.** അഞ്ചുപുറത്തിൽ കവിയാതെ മൂന്ന് ചോദ്യത്തിന് ഉത്തരമെഴുതുക.

**(3X0=60 )**

11. ജർമ്മൻ സാമൂഹ്യശാസ്ത്രകാരനായ ജുഗൻഹെബർമാസിന്റെ പൊതുമണ്ഡലം **(Public Sphere )** എന്ന പരികല്പനയെ വിശദീകരിക്കുക.

12. മിഷനറിമാരുടെ വിദ്യാഭ്യാസപ്രവർത്തനങ്ങൾ കേരളീയ സമൂഹത്തിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാം?

13. കോളനീകരണത്തെ ആശയലോകത്തും അനുഭൂതിയുടെ ലോകത്തും ഉറപ്പിക്കാൻ സഹായിച്ച പ്രത്യയശാസ്ത്രരൂപങ്ങളിലൊന്ന് സാഹിത്യമാണ് - സമർഥിക്കുക.

14. അച്ചടി,പൊതുവിദ്യാഭ്യാസം എന്നിവ കേരളത്തിന്റെ ആധുനികീകരണത്തെ സ്വാധീനിച്ചത് എപ്രകാരമായിരുന്നു. വിലയിരുത്തുക

******